(സി) കർഷകരുടെ ഹ്രസ്വകാല കാർഷികാവശ്യങ്ങൾ നിറവേറ്റുക എന്നതാണ് പ്രധാനമായും ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 5,000 രൂപയും അതിനുമുകളിലും ഉല്പാദവായ്പക്ക് അർഹരായ കർഷകർ ഈ വായ്പയ്ക്കും അർഹമാണ്. വായ്പക്കുള്ള ഈട്, മാർജിൻ, പലിശനിരക്ക് എന്നിവ റിസർവ് ബാങ്ക് മാനദണ്ഡ പ്രകാരമായിരിക്കും.

(ഡി) വർഷാവർഷം പുന:പരിശോധനയ്ക്ക് വിധേയമായി 3 വർഷത്തേയ്ക്കാണ് കാർഡ് അനുവദിക്കുന്നത്. കാർഡ് മുഖേനയുള്ള ഓരോ പണമെടുക്കലും 12 മാസങ്ങൾക്കുള്ളിൽ തിരിച്ചടക്കണം.

(ഇ) പദ്ധതി ഓരോ ജില്ലയിലും പ്രാഥമിക സഹകരണസംഘങ്ങളിൽ കൂടി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെ 1999 ഡിസംബർ 15 മുതൽ 2000 ജനുവരി 15 വരെയുള്ള കാലഘട്ടത്തിൽ ഒരു ലക്ഷം കാർഡുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

21 (*51) ജലശുചിത്വമിഷൻ

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എ.കെ. മണി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ടി.എം. ജേക്കബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണവുമായി ബന്ധപ്പെട്ട് ജലശുചിത്വമിഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഘടന എന്തെന്ന് അറിയിക്കുമോ;

(സി) ഈ മിഷന്റെ കർത്തവ്യങ്ങളും ചുമതലകളും എന്തൊക്കെയാണ്;

(ഡി) ഈ മിഷന് എന്തെല്ലാംതലത്തിൽ ഘടകങ്ങളുണ്ടായിരിക്കും;

(ഇ) ഈ ഘടകങ്ങളുടെ പ്രവർത്തനം വിശദീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ജലവിതരണവുമായി ബന്ധപ്പെട്ട് ജലശുചിത്വമിഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ 1998 ഡിസംബർ 30 ലെ.ജി.ഒ. (എംഎസ്) നമ്പർ 36/98/ഗ്രാ.വി.വ. പ്രകാരം സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷൻ രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സമ്പൂർണ്ണ ശുചിത്വാരോഗ്യമിഷന്റെ ഘടന താഴെപ്പറയുംപ്രകാരമാണ്;

പരിസരശുചിത്വ ആരോഗ്യമിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാന മന്ത്രിസഭയുടെ ഒരു ഉപസമിതിയെ നിയോഗിക്കേണ്ടതും മന്ത്രിസഭ ഉപസമിതിയെ സഹായിക്കുന്നതിന് ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിമാരുടെ സമിതി രൂപീകരിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തു പ്രസിഡന്റ് അദ്ധ്യക്ഷനായും ജില്ലാ കളക്ടർ ഉപ അദ്ധ്യക്ഷനായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറായും ജില്ലാതല ശുചിത്വ ആരോഗ്യമിഷൻ രൂപീകരിക്കേണ്ടതാണ്. ബ്ലോക്കു

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തിനെ സഹായിക്കാൻ ബ്ലോക്കുപഞ്ചായത്തു പ്രസിഡന്റ് അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറും കോ-ഓർഡിനേറ്റർ ജോയിന്റു കൺവീനറും ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, പട്ടിക ജാതി പട്ടികവർഗ്ഗ വികസനം, കേരള വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥൻ, ബ്ലോക്ക് പഞ്ചായത്തു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിക്കണം. ഗ്രാമ പഞ്ചായത്തു വാർഡുതലത്തിൽ വാർഡ്മെമ്പർ ചെയർമാനായി സാനിറ്റേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(സി) സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷൻ ശുചിത്വം കൈവരിക്കുന്നതിനുള്ള പ്രഥമപരിപാടിയായി വിദ്യാഭ്യാസം, വിജ്ഞാനം, വ്യാപനം ഇവയെ കാണുന്നതോടൊപ്പം ജനങ്ങളിൽ ആവശ്യകതാബോധം സൃഷ്ടിക്കുക സാനിട്ടറി ലാട്രിനുകളുടെ ചെലവുകുറഞ്ഞ മാതൃകകൾ പ്രചരിപ്പിക്കുക ശുചിത്വത്തിന്റെ എല്ലാഘടകങ്ങളും അടങ്ങുന്ന സമഗ്ര സമീപനം ആവിഷ്ക്കരിക്കുക ശുചിത്വ ആരോഗ്യമേഖലയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക എന്നിവ വിഭാവനം ചെയ്യുന്നു.

(ഡി)

(1) മന്ത്രിസഭയുടെ ഉപസമിതി

(2) സെക്രട്ടറിതലസമിതി.

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താഴെ പറയുന്ന ഘടന പ്രകാരം ശുചിത്വ ആരോഗ്യമിഷനുകൾ രൂപീകരിക്കേണ്ടതാണ്:-

(1) സംസ്ഥാന ശുചിത്വ ആരോഗ്യമിഷൻ

(2) ജില്ലാതല ശുചിത്വ ആരോഗ്യമിഷൻ

(ഇ) 30/12/98-ലെ ജി.ഒ. പ്രകാരം അധിക വിഭവ സ്രോതസ്സുകൾ നിർദ്ദേശിക്കുക ശുചിത്വത്തിന്റെ അനുബന്ധപരിപാടികൾ ഏറ്റെടുക്കുക മുതലായവ.

1. സംസ്ഥാനതല പരിപാടികൾ:-

(1) പരിപാടിയുടെ സങ്കല്പത്തിന് വ്യക്തത നൽകുകയും സാങ്കേതിക പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിന് നിർവഹണചിട്ടകൾ ഉണ്ടാക്കുകയും ചെയ്യുക.

(2) വിവിധ ഘടകങ്ങൾ തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തുക.

(3) സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ശുചിത്വ ആരോഗ്യമിഷനുകൾക്ക് സാങ്കേതിക സഹായം നൽകുക.

(4) സാങ്കേതിക വിഷയങ്ങൾ, പരിശീലനം, പദ്ധതി നിർവഹണം എന്നിവയ്ക്ക് ആവശ്യമായ ഹാൻഡ്ബുക്കുകൾ തയ്യാറാക്കുക.

(5) സംസ്ഥാനതല പരിശീലനം സംഘടിപ്പിക്കുക.

(6) പദ്ധതി നിർവഹണം വിവിധ തലങ്ങളിൽ വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്യുക. പദ്ധതി നിർമ്മാണത്തോടൊപ്പം തന്നെ അവലോകനം നടത്തുകയും ഭാവി പ്രവർത്തന പരിപാടികൾ നിർദ്ദേശിക്കുകയും ചെയ്യുക.

(7) ഫണ്ടിന്റെ കാര്യക്ഷമമായ നിയന്ത്രണം.

(2) <u>ജില്ലാതല പരിപാടികൾ</u>

(1) ജില്ലാതലപരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

(2) പ്രവർത്തന ഗവേഷണങ്ങൾക്കുള്ള (ആക്ഷൻ റിസർച്ച്) മേഖലകൾ കണ്ടെത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(3) ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതിയുടെ ആസൂത്രണം നിർവഹണം അവലോകനം എന്നിവയിൽ സഹായിക്കുക.

(4) ജില്ലാ സാനിട്ടേഷൻ മിഷന്റെ ചുമതലകൾ നിർവഹിക്കുന്നതിൽ സഹായിക്കുക.

(5) ജില്ലാതല പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

(6) സമ്പൂർണ്ണ ശുചിത്വത്തിന്റേയും വിജ്ഞാന വിദ്യാഭ്യാസ വ്യാപനത്തിന്റേയും ജില്ലാതല പദ്ധതി തയ്യാറാക്കുക.

(7) പ്രാദേശികമായ പ്രശ്നങ്ങൾ കണ്ടെത്തുകയും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക.

(8) കാലാകാലങ്ങളിൽ ശുചിത്വ സംബന്ധമായ വിലയിരുത്തൽ, പഠനങ്ങൾ നടത്തുക.

(9) ശുചിത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ട ആവശ്യകതാബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുള്ള തന്ത്രം ആവിഷ്കരിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുക.

(10) ജില്ലാതലത്തിൽ അടിസ്ഥാന വിവരശേഖരണം നടത്തുകയും ജില്ലാതല വിവരശേഖരണ ക്രോഡീകരണ (ഡോക്കുമെന്റേഷൻ) കേന്ദ്രമാക്കി പ്രവർത്തിക്കുകയും ചെയ്യുക.

30/12/98-ലെ ജി.ഒ. അനുബന്ധമായി ചേർത്തിരിക്കുന്നു.†

22 (*52) സമയബന്ധിത വൈദ്യുതി കണക്ഷൻ

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളവർക്ക് സമയബന്ധിതമായി കണക്ഷൻ കൊടുക്കാത്തതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പദ്ധതി എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(ഇ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് സബ്സ്റ്റേഷൻ ആരംഭിക്കേണ്ടതുണ്ടോ; എങ്കിൽ എത്ര സബ്സ്റ്റേഷൻ നിർമ്മിക്കേണ്ടി വരുമെന്നാണ് കണക്കായിട്ടുള്ളത്; ഇതിനകം എത്ര സബ്സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്: പുതുതായി എത്രയെണ്ണം തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) 30/9/99 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള നോർമൽ വെയർ പ്രൂഫ് കണക്ഷനുകളും 31/12/96 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള നോർമൽ ഓവർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly